**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 686** **30-01-2024 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി വ്യവസായം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ഡോ. സുജിത് വിജയൻപിള്ള** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കശുവണ്ടി വ്യവസായം മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി ഈ മേഖലയുടെ സമഗ്ര പരിഷ്കരണത്തിലൂടെ തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനെക്കുറിച്ച് പഠനം നടത്തുന്നതിനായി ചുമതലപ്പെടുത്തിയ വിദഗ്ധ സമിതി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് കശുവണ്ടി വ്യവസായം മെച്ചപ്പെടുത്തുന്നതിനും തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനെക്കുറിച്ച് പഠനം നടത്തുന്നതിനുമായി ചുമതലപ്പെടുത്തിയ വിദഗ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | സ്വകാര്യ മേഖലയിൽ തൊഴിലെടുക്കുന്ന കശുവണ്ടി തൊഴിലാളികൾക്ക് പരമാവധി തൊഴിൽ ദിനങ്ങളും വേതനവും സ്ത്രീ സൗഹൃദമായ തൊഴിൽ അന്തരീക്ഷവും ഉറപ്പുവരുത്തുന്നതിനായി സമിതി സമർപ്പിച്ച ശിപാർശകളിൽ തീരുമാനമെടുത്തിരുന്നോ; വിശദമാക്കുമോ; | (ബി) | തീരുമാനമെടുത്തിരുന്നു. സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും പഠിക്കുന്നതിനും മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിന് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി മാനേജ്മെന്റ്/ അക്കാദമിക രംഗത്തെ വിദഗ്ധർ ഉൾപ്പെടുന്ന അഞ്ചംഗ സമിതി 13.10.2022 തീയതിയിലെ സ.ഉ.(സാധാ)നം.1111/2022/ID പ്രകാരം സർക്കാർ രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി, കശുവണ്ടി മേഖലയുടെ പുനരുജ്ജീവനത്തി നായി ഒരു ഇടക്കാല പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി മേഖലയുടെ പുനരുജ്ജീവനത്തിനായി 2022-23 ലെ ബജറ്റിൽ പ്രഖ്യാപിച്ച 30.00 കോടി രൂപയുടെ പദ്ധതി നിർവഹണത്തിന് സർക്കാർ അനുമതി നൽകിയിരുന്നു.<br><br>കശുവണ്ടി തൊഴിലാളികൾക്ക് പരമാവധി തൊഴിൽ ദിനങ്ങളും വേതനവും ഉറപ്പാക്കുകയും |

നിലവിലുള്ള സാമൂഹിക സുരക്ഷാ ക്ഷേമ പരിപാടികൾ സംരക്ഷിക്കുകയും ആരോഗ്യകരവും സ്ത്രീ-സൗഹൃദവുമായ തൊഴിൽ അന്തരീക്ഷം ഉറപ്പാക്കുകയും ചെയ്യുന്നതിനായി സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന സ്വകാര്യ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് വേണ്ടി ചുവടെ ചേർക്കുന്ന പദ്ധതികൾക്കാണ് അനുമതി നൽകിയത്.

**Continued Operation Linked Stimulus Programme- 20 കോടി രൂപ**

നിലവിൽ പ്രവർത്തിക്കുന്ന പ്രോസസ്സിംഗ് യൂണിറ്റുകൾക്ക് അവയുടെ സുസ്ഥിരമായ പ്രവർത്തനത്തിനും മികച്ച ഉൽപ്പാദന ക്ഷമതയ്ക്കും പ്രോത്സാഹനത്തിനും തൊഴിൽ പുന:സ്ഥാപിക്കുന്നതിനും, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. കശുവണ്ടി മേഖലയിലെ യോഗ്യരായ സംരംഭകർക്ക്/ പ്രോസസ്സർമാർക്ക് മൊത്തം തൊഴിലാളികളുടെ എണ്ണം, തൊഴിൽ ദിനങ്ങളുടെ എണ്ണം, EPF/ESI വിഹിതം എന്നിവ അടിസ്ഥാനമാക്കി ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപയിൽ 20 കോടി ഈ ഇനത്തിൽ അനുവദിക്കണമെന്ന കമ്മിറ്റി ശുപാർശ സർക്കാർ അംഗീകരിച്ചു.

**Women Friendly Physical infra Creation/Upgradation- 5 കോടി രൂപ**

ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും കൂടുതൽ യുവജനങ്ങളെ ഈ വ്യവസായത്തിലേക്ക് ആകർഷിക്കാനും കഴിയുന്ന തരത്തിൽ സ്ത്രീ-സൗഹൃദ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ വിഭാവനം ചെയ്യുന്നു. പ്രോസസ്സിംഗ് യൂണിറ്റുകളിൽ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും നവീകരിക്കുന്നതിനും 50% വരെ മൂലധന ഗ്രാന്റുകൾ നൽകാൻ പദ്ധതി ഉദ്ദേശിക്കുന്നു. ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപയിൽ 5 കോടി രൂപ ഈ ഇനത്തിൽ ആനുകൂല്യം നൽകണമെന്ന കമ്മിറ്റി ശുപാർശ സർക്കാർ അംഗീകരിച്ചു.

**Modernization/Upgradation of Shelling Units-5 കോടി രൂപ**

പ്രോസസ്സിംഗ് യൂണിറ്റുകളിലെ ഷെല്ലിങ് വിഭാഗത്തിന്റെ നവീകര ണത്തിനായാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. യൂണിറ്റുകളുടെ പുനരുജ്ജീവനത്തിനായി ഉപകരണ ങ്ങൾ പ്ലാന്റ് & മെഷിനറി എന്നിവയ്ക്ക് ആവശ്യമായ മൊത്തം മൂലധന

| | | | |
|---|---|---|---|
| | | | ചെലവിന്റെ 50% വരെ ക്യാപിറ്റൽ ഗ്രാന്റ് ആയി അനുവദിക്കുന്നു. ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപയിൽ 5 കോടി രൂപ ഈ ഇനത്തിൽ ആനുകൂല്യം നൽകണമെന്ന കമ്മിറ്റി ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |
| (സി) | ഈ മേഖലയിൽ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായിട്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം എത്ര സംരഭങ്ങൾക്ക് പ്രയോജനം കിട്ടുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ബാങ്കുകൾ നിഷ്ക്രിയാസ്തി (NPA) ആയി കണക്കാക്കിയിട്ടുള്ള 200-ഓളം സംരംഭകർക്ക് പുനരുദ്ധാരണ പാക്കേജിന്റെ പ്രയോജനം ലഭിക്കേണ്ടതാണ്. കശുവണ്ടി മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ അസോസിയേഷ നുകൾ ലഭ്യമാക്കിയ കണക്ക് പ്രകാരം നാളിതുവരെ OTS പദ്ധതി പ്രകാരം മുഴുവൻ തുക അടച്ച് Settle ചെയ്തിട്ടുള്ളത് 14 സംരംഭകരും 10% തുക അടച്ച ബാങ്കിന്റെ അനുമതിയ്ക്കായി കാത്തിരിക്കുന്നതും, ഗഡുക്കളായി തുക അടച്ചതും 32 സംരംഭകരുമാണ്. |

സെക്ഷൻ ഓഫീസർ